# നർമ്മദാ ഡയറി

**നർമ്മദാ താഴ്‌വരയിലെ കുട്ടികൾക്ക് പഠിക്കാനും ജീവിക്കാനുമുള്ള അവകാശം നിഷേധിക്കപ്പെട്ടതെപ്പറ്റി രാഷ്ട്രപതിയെ അറിയിക്കാനും നർമ്മദയുടെ സങ്കടങ്ങൾ കാണാൻ അദ്ദേഹത്തെ താഴ്‌വരയിലേക്ക ക്ഷണിക്കാനുമായി ഡൽഹിയിലും നർമ്മദയിലും യാത്ര ചെയ്ത ഇ.കെ. ഇഷിത, ഷാദിയ മുസ്തഫ, വി.അരവിന്ദ് എന്നീ വിദ്യാർത്ഥികൾ തങ്ങളുടെ യാത്രാനുഭവങ്ങൾ പങ്കുവയ്ക്കുകയാണിവിടെ. മുണ്ടൂരിലെ സൽസബീൽ.സെന്ട്രൽ സ്കൂളിലാണ് ഇവർ പഠിക്കുന്നത്.**

ഞങ്ങൾ 22പേർ. 18 കുട്ടികൾ, ഹുസൈൻ സാർ, സൈനബ ടീച്ചർ, പ്രതീഷ് സാർ പിന്നെ ക്യാമറയും തൂക്കി രാമചന്ദ്രൻ ചേട്ടനും. ആഗസ്റ്റ് 29-ന് കേരളാ എക്സ്പ്രസ്സിലാണ് യാത്ര ആരംഭിച്ചത്.

റാഷിദും സൗമിച്ചേച്ചിയും തീവണ്ടിയിലെ കന്നിയാത്രയുടെ ഹരത്തിലായിരുന്നു. ഞങ്ങളടക്കമുള്ള മറ്റു കുട്ടികളെല്ലാം ആദ്യമായി ഒരു ദീർഘയാത്രയ്ക്ക് അവസരം ലഭിച്ചതിന്റെ ആഹ്ലാദത്തിലും.

നർമ്മദയിലേയ്ക്കുള്ള തീർത്ഥയാത്ര - ഞങ്ങളുടെ സാറിന്റെ ഭാഷയിൽ പറഞ്ഞാൽ ചിന്തകളും, കാഴ്ചപ്പാടുകളും സ്വന്തം ചെയ്യുവാനുള്ള യാത്ര. മൈലുകൾ താണ്ടി, രാവുകളും, പകലുകളും പിന്നിട്ട് തലസ്ഥാന നഗരിയിലെത്തുമ്പോൾ യാത്രാനുഭവങ്ങൾ പതുക്കെ പതുക്കെ ഞങ്ങളിൽ ശുദ്ധീകരണ പ്രക്രിയ തുടങ്ങിയിരുന്നു.

ഡൽഹിയിലൊരു ഓട്ടപ്രദക്ഷിണം. ചരിത്രം ഉറങ്ങി കിടക്കുന്ന രാഷ്ട്രപതിഭവൻ, പാർലമെന്റ് ഹൗസ്, ഇൻഡ്യാ ഗെയ്റ്റ്, റെഡ്ഫോർട്ട് ബിർലാ ഹൗസ് തുടങ്ങി ഒട്ടേറെ സ്ഥലങ്ങൾ. നിറഞ്ഞ കണ്ണുകളോടെ തുടിക്കുന്ന മനസ്സോടെ, ആകാംക്ഷയോടെ, അഭിമാനത്തോടെ ഞങ്ങൾ എല്ലാം കണ്ടും, കേട്ടും അനുഭവിച്ചറിഞ്ഞു.

ഡൽഹിയിൽ നിന്നു 40 കിലോമീറ്റർ അകലെയുള്ള ചേരിയിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന ആധുനിക സൗകര്യങ്ങളുള്ള "ദീപാലയ" സ്കൂൾ ഞങ്ങൾ സന്ദർശിച്ചു. തുടർന്ന് ചേരിയിലെ ബധിരരും, മൂകരുമായ കുട്ടികളുടെ മറ്റൊരു സ്കൂളിൽ ഒട്ടേറെ മണിക്കൂർ. ജീവിതത്തിന്റെ വിഭിന്ന മുഖങ്ങൾ കാണുമ്പോൾ ഞങ്ങൾ എവിടെ നിൽക്കുന്നുവെന്ന തിരിച്ചറിവ്, അതാണല്ലോ ഞങ്ങളുടെ യാത്രയുടെ ലക്ഷ്യവും. 4 ദിവസത്തെ ഡൽഹി വാസത്തിനു വിരാമമിട്ടുകൊണ്ട് ചേരിയിൽ നിന്നു നേരെ ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലേക്ക്. 4-ാം തിയ്യതി വൈകുന്നേരം 7 മണിയ്ക്ക് മാൽവ എക്സ്പ്രസ്സിൽ നർമ്മദയിലേയ്ക്കുള്ള യാത്ര തുടങ്ങി. അപ്രതീക്ഷിതങ്ങളായ കാരണങ്ങളാൽ രാഷ്ട്രപതിയെ നേരിൽകണ്ട് ഞങ്ങളുടെ യാത്രോദ്ദേശം അദ്ദേഹത്തെ അറിയിക്കാനായില്ലല്ലോ എന്ന സങ്കടമായിരുന്നു അപ്പോൾ മനസ്സിൽ. രാഷ്ട്രപതിക്ക നൽകാൻ ഞങ്ങൾ തയ്യാറാക്കിയ നിവേദനം അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ--- ----- ഏറ്റുവാങ്ങി.

5-ാം തിയ്യതി ഉച്ചയ്ക്ക് രണ്ടുമണിയോടെ ഇൻഡോറിലെത്തി. റെയിൽവേ സ്റ്റേഷനു പുറത്ത് തിരക്കൊഴിഞ്ഞ ഹോട്ടലിൽ കയറി ഉത്തരേന്ത്യൻ ഭക്ഷണത്തിന്റെ രുചി ആസ്വദിച്ച് ബഡ്‌വാനിയിലേക്ക് ബസ് യാത്ര. ഏകദേശം 5 മണിക്കൂർ. ബഡ്‌വാനിയിലെത്തുന്ന സമയം നർമ്മദാ ബച്ചാവോ ആന്തോളൻ (എൻ.ബി.എ.) ഓഫീസിലേക്ക് വിളിച്ചുപറഞ്ഞിരുന്നു. ഭക്ഷണം കഴിക്കുവാൻ ഇൻഡോറിൽ പ്രതീക്ഷിച്ചതിലുമേറെ സമയം എടുത്തതിനാൽ അറിയിച്ചതിലും വളരെ വൈകിയാണ് ബഡ്‌വാനിയിലെത്തിയത്. രാത്രി 10.30. ബൂത്തിൽ കയറി എൻ.ബി.എ. ഓഫീസിലേക്ക് വിളിച്ചു. 5 മിനിട്ടിനകം ഞങ്ങളെ സ്വീകരിക്കുവാൻ ആഷിശ് ബായി എത്തി.

ലഗേജുകൾ തോളിലേറ്റ്, കാൽനടയായി ഇടുങ്ങിയ വഴികളിലൂടെ എൻ.ബി.എ. ഓഫീസിലേയ്ക്ക്. അവിടെ ഏകദേശം അരമണിക്കൂർ നേരത്തെ വിശ്രമം. ലഗേജുകൾ ഓഫീസിൽ സൂക്ഷിച്ചു. വീണ്ടും ഭക്ഷണത്തിനായി ഹോട്ടലിലേയ്ക്ക്. ഞങ്ങൾക്ക് ഗ്രാമത്തിൽ പല വീടുകളിലായി ഭക്ഷണം ഏർപ്പാടു ചെയ്തിരുന്നുവത്രെ. സമയം വളരെ വൈകിയതിനാലാണ് ഹോട്ടലിലേയ്ക്കു പോകുന്നതെന്ന് വളരെ വിനയത്തോടെ ആഷിശ് ബായി വിശദീകരിച്ചു തന്നു.

ഭക്ഷണം കഴിച്ച് നർമ്മദയിലേയ്ക്കുള്ള യാത്രയെക്കുറിച്ചുള്ള ചർച്ച 'രാത്രിതന്നെ പോകണോ? പുലർച്ചെ പോയാൽ മതിയോ, ക്ലേശകരമായ യാത്രയാണ്, കുട്ടികൾക്ക് പ്രയാസമാകും മാത്രമല്ല നീണ്ടയാത്ര കഴിഞ്ഞുവന്നതല്ലേ, അവർ അല്പം വിശ്രമിക്കട്ടെ' തുടങ്ങി പല അഭിപ്രായങ്ങളും. നാളെ പോകാമെന്നായി എൻ.ബി.എ. ഓഫീസിലെ ക്ലിഫ്റ്റൻ ചേട്ടനും മലയാളിയായ സുകുമാരൻ ചേട്ടനും. മേധാ ദീദിയെ കാണുവാൻ, നർമ്മദ കാണുവാനുള്ള ആവേശത്തള്ളിച്ചയിൽ ഞങ്ങൾ എല്ലാം മറന്നു. യാത്രാക്ഷീണം ഓടിയകന്നു. എല്ലാവരും റെഡി. ഈ രാത്രിതന്നെ പോകാം. അത്രയും സമയം ദീദിയോടൊപ്പം കഴിയാമല്ലോ !

രാത്രി 12 മണിയോടെ യാത്രാവാഹനം റെഡി. ടൊയോട്ട പിക്കപ്പ് ! ആദ്യം ഒന്നമ്പരന്നു. തുറന്ന വാഹനത്തിലുള്ള യാത്ര, ജീവിതത്തിൽ ആദ്യമായി. ഇതെങ്ങാനും വീട്ടിലറിഞ്ഞാൽ ! സാറിന്റെ പ്രോത്സാഹനവും ജീവിതത്തിന്റെ പരുപരുത്ത മറ്റൊരു മുഖത്തെ കുറിച്ചുള്ള വിശദീകരണങ്ങളും കൂടിയായപ്പോൾ അമ്പരപ്പും വികൃതമായ ചിന്തകളും വഴിമാറി. ആവേശത്തോടെ പുത്തൻ അറിവുകൾക്കുവേണ്ടിയുള്ള നിശ്ചയദാർഢ്യത്തോടെയുള്ള യാത്ര തുടരുകയാണ്.

സുകുമാരൻ ചേട്ടൻ പറഞ്ഞു. "ഞങ്ങൾ എൻ.ബി.എ. പ്രവർത്തകർ യാത്ര തുടരുമ്പോൾ, നർമ്മദാ മൈയ്യാ കീ ജയ് ! " എന്നു പറയും. നിങ്ങളും അത് ഏറ്റുപറയണം". ക്ലിഫ്റ്റൻ ചേട്ടൻ മുഷ്ടി ചുരുട്ടി ഉറക്കെ പറഞ്ഞു - നർമ്മദാ മൈയ്യാ കീ ജയ് ! ആവേശത്തോടെ അത്യുച്ചത്തിൽ ഞങ്ങൾ ഏറ്റുപറഞ്ഞു.

അവർണ്ണനീയമായ അനുഭവങ്ങൾ സമ്മാനിച്ചുകൊണ്ട് 7 മണിക്കൂർ നാടൻ പാട്ടുകളും, ദേശഭക്തിഗാനങ്ങളും പാടി, ഇടക്കിടെ മുദ്രാവാക്യങ്ങൾ ഏറ്റുപറഞ്ഞും, രാത്രിയെ പകലാക്കിയ യാത്ര, കാടും മലയും പുഴയും താണ്ടിയിറങ്ങി സാഹസിക യാത്ര അതിപുരാതനമായ ഹാംപേശ്വർ ക്ഷേത്രത്തിനു മുന്നിൽ അവസാനിച്ചു. യാത്രാക്ഷീണമൊന്നും പ്രകടിപ്പിക്കാതെ സുകുമാരൻ ചേട്ടനേയും ക്ലിഫ്റ്റൻ ചേട്ടനേയും അൽഭുതപ്പെടുത്തി ഞങ്ങളെല്ലാം വണ്ടിയിൽ നിന്നും ചാടിയിറങ്ങി. പ്രാഥമിക കർമ്മങ്ങൾക്കായി ഏകദേശം ഒരു മണിക്കൂർ. തട്ടുകടപോലുള്ള കടയിൽനിന്നും 2 രൂപയ്ക്ക് ഗ്രാമീണരീതിയിലുള്ള ചായ. ഒപ്പം ഞങ്ങൾ കയ്യിൽ കരുതിയ മിക്സ്ചറും. പ്രഭാത ഭക്ഷണത്തിന് വീട്ടിലെ വിഭവസമൃദ്ധമായ ഭക്ഷണത്തേക്കാൾ രുചി. ചുരുങ്ങിയ ദിവസം കൊണ്ട് ഞങ്ങൾ എന്തും കഴിക്കാമെന്ന് അവസ്ഥയിലേയ്ക്ക് മാറിക്കഴിഞ്ഞിരുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)